# യേശുവിന്റെ മുഖത്തേക്കു നോക്കുക

**മത്തായി 14:29–30**

**“വരിക എന്ന് അവൻ പറഞ്ഞു. പത്രോസ് പടകിൽ നിന്നിറങ്ങി, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു. എന്നാൽ അവൻ കാറ്റു കണ്ടുപേടിച്ചു മുങ്ങിത്തുടങ്ങുകയാൽ കർത്താവേ എന്നെ രക്ഷിക്കണമേ എന്ന് നിലവിളിച്ചു.”**

പത്രോസ് കർത്താവിനെ നോക്കിക്കൊണ്ട് വെള്ളത്തിൽക്കൂടി നടന്നു മുമ്പോട്ട് നീങ്ങി. യേശുവിനെ മാത്രം മുന്നിൽക്കണ്ട് അവൻ യാത്ര തുടങ്ങി. അപ്പോൾ സമുദ്രത്തിന്റെ തിരമാലകളോ, വെള്ളത്തിന്റെ ആഴമോ, കാറ്റോ അങ്ങനെ ഒന്നും അവനെ അലട്ടിയില്ല. ചിന്താഭാരമില്ലാതെ ധൈര്യപൂർവ്വം തന്റെ കർത്താവിനെ നോക്കിക്കൊണ്ട് ആരംഭിച്ചതായ യാത്ര. എന്നാൽ മുന്നോട്ട് അല്പദൂരം പിന്നിട്ടപ്പോൾ ഒരു നിമിഷം അവന്റെ നോട്ടം മാറിപ്പോയി. തന്റെ അടുക്കലേക്ക് വരുവാൻ കല്പിച്ച കർത്താവിന്റെ മുഖം പത്രോസിന്റെ കണ്ണിൽ നിന്ന് ഒരു നിമിഷം മാറിപ്പോയി, കാറ്റ് കണ്ട് പേടിച്ചു, മുങ്ങി തുടങ്ങി.

പ്രിയ ദൈവമക്കളെ, ഇന്ന് നമ്മുടെയും ജീവിതത്തിന്റെ ഒരു കാഴ്ച തന്നെയല്ലേ ഇത്. ഉറപ്പോടെ, ധൈര്യത്തോടെ സാഹചര്യങ്ങളെ തരണം ചെയ്ത് മുന്നോട്ട് നീങ്ങുവാൻ സഹായിക്കുന്നതു, കർത്താവിലേയ്ക്ക് നോക്കി മാത്രം യാത്ര ചെയ്യുന്നതുകൊണ്ടാകും. എന്നാൽ എപ്പോൾ നോട്ടം കർത്താവിങ്കൽ നിന്ന് പ്രതികൂല കാറ്റിലേക്കാകുന്നുവോ, പത്രോസിന്റെ അവസ്ഥ ഇന്ന് നമുക്കും ഉണ്ടാകും എന്ന മുന്നറിയിപ്പു വചനം തരുന്നു. നമ്മുടെ ആശ്രയമാകുന്ന നോട്ടം, ദൈവത്തിങ്കൽ തന്നെ ആകണം എന്നതാണ് അവന്റെ ഹിതം. അല്പ നിമിഷത്തേക്കുപോലും ഈ ആശ്രയം ഒന്നു മാറിപ്പോയാൽ, നമ്മുടെ നോട്ടം ലോകത്തിലേയ്ക്കാകുമ്പോൾ, കാറ്റും, കോളും, തിരമാലകളും കൊണ്ട് പടക് ആടി ഉലയും.

നമ്മുടെ കർത്താവ് സകലവും കണ്ടുകൊണ്ട്, നമ്മെ നന്നായി അറിഞ്ഞ്, മാറ്റമില്ലാത്ത അവന്റെ നോട്ടം തന്റെ മക്കളുടെ മേൽ ഇട്ടുകൊണ്ട് സദാ മുമ്പിൽ ഉണ്ടെന്ന ബോധ്യം ഏത് വെല്ലുവിളികളെയും നേരിടാൻ നമുക്ക് ശക്തി തരും. അതേ, ഇത് മധുരമായ, ആസ്വാദകരമായ ഒരു ഉറപ്പാണ്.

നമ്മുടെ കാഴ്ചയും, കാഴ്ചപ്പാടുകളും ഇനി അധികമായി അവങ്കലേക്കു മാത്രം ഇട്ടുകൊണ്ട് മുന്നോട്ട് നീങ്ങുവാൻ ഇടയാകട്ടെ. “മുമ്പും, പിമ്പും അടച്ച് അവന്റെ കൈ നമ്മുടെ മേൽ ഇട്ടിരിക്കുന്നു” എന്നാണല്ലോ വചനം പഠിപ്പിക്കുന്നത്. “മുന്നോട്ട് വരിക” എന്ന ഉറപ്പ് കർത്താവിനല്ലാതെ ആർക്ക് ഈ ലോകത്തിൽ നമുക്ക് തരാൻ കഴിയും.

ധൈര്യപൂർവ്വം നമ്മുടെ യാത്ര ജയത്തോടെ നടത്താൻ അരുമനാഥന്റെ കൈകൾ നമുക്ക് ചുറ്റും മുറുകെ പിടിച്ചിരിക്കുന്ന വലിയ കൃപകളെ ഓർത്ത് സ്തോത്രം ചെയ്യാം.

ജീവിതത്തിന്റെ കാറ്റോ, തിരമാലകളോ കണ്ട് ഭയപ്പെടാതെ, നമ്മുടെ നോട്ടം സ്ഥിരമായി അവങ്കലേക്ക് മാത്രം ആയിരിപ്പാൻ ഇടയാകട്ടെ. "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചുപോയില്ല." അതേ, ലജ്ജ കൂടാതെ, ധൈര്യപൂർവ്വം പ്രകാശപൂരിതമായ ഒരു ജീവിതം നയിപ്പാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. **സങ്കീർത്തനങ്ങൾ 16:8-ൽ** കാണുന്ന ദാവിദിന്റെ ഉറപ്പ് നമുക്കും ഏറ്റെടുക്കാം. "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ടു ഞാൻ കുലുങ്ങിപ്പോകയില്ല."

പരാമർശം :

**എബ്രായർ 12:02-03**

വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 051**